ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.01.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം സന്ദർശിക്കും. 'സോമനാഥ് സ്വാഭിമാൻ പർവ്' പരിപാടിയിൽ പങ്കെടുക്കും.
2. സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിൽ ട്രെയിനുകൾക്ക് 15 സ്റ്റോപ്പുകൾ കൂടി അനുവദിച്ച് റെയിൽവെ.
3. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനും അധ്യാപകനുമായ മാധവ് ഗാഡ്ഗിൽ അന്തരിച്ചു. വിടവാങ്ങിയത് പശ്ചിമഘട്ടത്തിൻറെ കാവലാൾ.
4. നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് മികച്ച ജന പങ്കാളിത്തം. മാതൃകാ നിയമസഭ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.
5. കൊല്ലം തോട്ടത്തറ ഹാച്ചറിയിലെ മുട്ടക്കോഴികൾ കൂട്ടത്തോടെ ചാകുന്നു. പക്ഷിപ്പനി ആശങ്കയിൽ ജനം.
6. 2026 ലെ ഐ.സി.സി വനിതാ ട്വൻറി-20 ലോകകപ്പിന്റെ യോഗ്യതാ മൽസരക്രമം പ്രഖ്യാപിച്ചു.

RNU TVPM

****************************

## പ്രധാനമന്ത്രി- സോമനാഥ് ക്ഷേത്രം

പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം സന്ദർശിക്കും. സോമനാഥ് ക്ഷേത്രത്തിൽ ആക്രമണം നടന്നിട്ട് 2026 ൽ ആയിരം വർഷം തികയുന്ന പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന 'സോമനാഥ് സ്വാഭിമാൻ പർവ്'-പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ആത്മീയ, സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങൾ പർവിൻറെ ഭാഗമായി സംഘടിപ്പിക്കും. ആവർത്തിച്ചുള്ള ആക്രമണങ്ങൾ ഉണ്ടായിട്ടും, ഭക്തരുടെ ശാശ്വത വിശ്വാസവും സാംസ്കാരിക ശക്തിയും ചേർന്ന് സോമനാഥിനെ പുനർനിർമിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സോമനാഥിനെ കുറിച്ചുള്ള സ്മരണകൾ SomnathSwabhimanParv എന്ന ഹാഷ്ടാഗിൽ പങ്കു വയ്ക്കാൻ ശ്രീ മോദി ജനങ്ങളോട് ആഹ്വാനം ചെയ്യു.

****************************

RNU TVPM

## മാധവ് ഗാഡ്ഗിൽ (ഇൻട്രോ)

പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനും അധ്യാപകനുമായ മാധവ് ഗാഡ്ഗിൽ അന്തരിച്ചു. പുണെയിലെ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം. **ഒരു റിപ്പോർട്ട് .........**

(ഹോൾഡ് വോയ്സ്......)

## മാധവ് ഗാഡ്ഗിൽ (വോയ്സ്)

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും പ്രായോഗികവുമായ അടിത്തറ പാകിയ വ്യക്തിത്വമായിരുന്നു മാധവ് ഗാഡ്ഗിൽ. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി

അധ്യക്ഷനായിരുന്നു. 2011ലാണ് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചത്. പശ്ചിമഘട്ട മേഖലയിലെ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വലിയ നാശങ്ങൾ സൃഷ്ടിക്കുമെന്ന് അദ്ദേഹം റിപ്പോർട്ടിൽ മുന്നറിയിപ്പ് നൽകി. അധ്യാപകൻ, പ്രധാനമന്ത്രിയുടെ ശാസ്ത്ര ഉപദേശക സമിതി അംഗം തുടങ്ങി വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ച ഗാഡ്ഗിലിന് രാജ്യം പത്മശ്രീ, പത്മഭൂഷൺ ബഹുമതികൾ നൽകി ആദരിച്ചു. **ന്യൂസ് ഡെസ്ക് ആകാശവാണി**

മാധവ് ഗാഡ്ഗിലിൻറെ നിര്യാണത്തിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രി എ കെ ശശീന്ദ്രൻ, വയനാട് എംപി പ്രിയങ്കാ ഗാന്ധി, അഹമ്മദ് ദേവർകോവിൽ എംഎൽഎ ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

PNU TVPM

****************************

## ഗവർണർ

വ്യവസായികൾക്കും വ്യാപാരികൾക്കും സാമൂഹ്യ പ്രതിബദ്ധത ഉണ്ടാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കണ്ണൂർ നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഏർപ്പെടുത്തിയ ചേംബർ അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത രാജ്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ വ്യവസായ സരംഭകർക്ക് പ്രധാന പങ്കുവഹിക്കാനാകുമെന്ന് ചടങ്ങിൽ പങ്കെടുത്ത് കൊണ്ട് സി. സദാനന്ദൻ മാസ്റ്റർ എം.പി പറഞ്ഞു.

****************************

## പുസ്തകോത്സവം - നിയമസഭ (ഇൻട്രോ)

നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം രണ്ടാം ദിനത്തിലേക്ക് കടന്നു. എഴുത്തുകാരും വിദ്യാർത്ഥികളും പൊതു ജനങ്ങളും ഉൾപ്പെടെ നിരവധിപേരാണ് മേള കാണാൻ എത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയ്സ്)

*****************************

## മാതൃകാ നിയമസഭ

നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി മാതൃകാ നിയമസഭ സംഘടിപ്പിച്ചു. ഗവൺമെൻറ് സെക്രട്ടറിയേറ്റിലെ പഴയ നിയമസഭാ ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, നിയമസഭ സെക്രട്ടറി എൻ. കൃഷ്ണകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

RNU TVPM

*****************************

## പാർക്കിങ്

കേരള നിയമസഭ പുസ്തകോത്സവത്തിന് വരുന്നവർക്ക് പാർക്കിംഗിനായി മൂന്നിടങ്ങളിൽ സൗകര്യം ഏർപ്പെടുത്തി. സംസ്കൃത കോളേജ് ഗ്രൗണ്ട്, യൂണിവേഴ്സിറ്റി കോളേജ് ഗ്രൗണ്ട്, എൽഎംഎസ് ഗ്രൗണ്ട് എന്നിവിടങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ആളുകൾ ഈ സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് സംഘാടകർ അറിയിച്ചു.

******************************

## സ്റ്റോപ്പ് അനുവദിച്ചു

സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിൽ ട്രെയിനുകൾക്ക് കൂടുതൽ സ്റ്റോപ്പ് അനുവദിച്ച് റെയിൽവെ. യാത്രക്കാരുടെ സൗകര്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായിയാണ് നടപടി. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന് അയച്ച കത്തിൽ കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചതാണ് ഇക്കാര്യം. 15 സ്റ്റോപ്പുകളാണ് അനുവദിച്ചത്. ഗുരുവായൂർ എക്സ്പ്രസ്, പാലരുവി എക്സ്പ്രസ് ഉൾപ്പെടെയുള്ളവ ഇതിൽ ഉൾപ്പെടുന്നു.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

RNU TVPM

******************************

## അനൗണ്ട്സ്മെൻറ്

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/ pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

******************************

## 2025- വാർഷിക അവലോകനം

2025-ൽ ഇന്ത്യയുടെ കാർഷിക സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ മൃഗസംരക്ഷണ മേഖല നിർണായക പങ്കുവഹിച്ചതായി കേന്ദ്രസർക്കാർ. 2014-15 മുതൽ മേഖല 12.77 ശതമാനം സംയോജിത വാർഷിക വളർച്ച രേഖപ്പെടുത്തി. 2025ൽ ദേശീയ ഡയറി വികസന പദ്ധതിയുടെ ഭാഗമായി ആയിരക്കണക്കിന് പുതിയ സഹകരണ സംഘങ്ങൾക്ക് അംഗീകാരം നൽകിയതായും കേന്ദ്ര സർക്കാർ പറഞ്ഞു. പാൽ പരിശോധന, സംസ്കരണം, ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതായും സർക്കാർ വ്യക്തമാക്കി.

*****************************

## തോട്ടത്തറ (ഇൻട്രോ)

കൊല്ലം തോട്ടത്തറ ഹാച്ചറിയിലെ മുട്ടക്കോഴികൾ കൂട്ടത്തോടെ ചാകുന്നത് പക്ഷിപ്പനി മൂലമാണെന്ന് സംശയം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....**

(വോയ്സ്)

*****************************

## ഐ.സി.സി വനിതാ ട്വൻറി -20

2026 ലെ ഐ.സി.സി വനിതാ ട്വൻറി -20 ലോകകപ്പിൻറെ യോഗ്യതാ മൽസരക്രമം പ്രഖ്യാപിച്ചു. ഈ മാസം 14 മുതൽ ഫെബ്രുവരി ഒന്ന് വരെ നേപ്പാളിലാണ് മൽസരങ്ങൾ. ടൂർണമെൻറിലെ അവസാന നാല് സ്ഥാനങ്ങൾക്കായി പത്ത് ടീമുകളാണ് മത്സരരംഗത്തുള്ളത്.

PNUTVPM

***************************

## ബംഗ്ലദേശ് ക്രിക്കറ്റ് ബോർഡ്

ട്വൻറി 20 ലോകകപ്പ് മത്സരങ്ങൾ ശ്രീലങ്കയിൽ നടത്തണമെന്ന ബംഗ്ലദേശ് ക്രിക്കറ്റ് ബോർഡിൻറെ ആവശ്യം തള്ളി രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ. ഇന്ത്യയിൽ സുരക്ഷാ പ്രശ്നങ്ങളില്ലെന്നും അതുകൊണ്ടുതന്നെ കളി മാറ്റേണ്ടതില്ലെന്നും ഐസിസി വ്യക്തമാക്കി. ചൊവ്വാഴ്ച ഐസിസി ഭാരവാഹികളും ബിസിബി അംഗങ്ങളും ഓൺലൈനായി ചേർന്ന യോഗത്തിൽ തന്നെ ഐസിസി വിഷയത്തിൽ നിലപാട് അറിയിച്ചിരുന്നു.

***************************

## എസ്.ഐ.ആർ

SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

RNUTVPM

***************************

## രാജീവ് ചന്ദ്രശേഖർ

ഇടത് മുന്നണി പ്രവർത്തകൻ റെജിലൂക്കോസ് ബി.ജെ.പിയിൽ ചേർന്നു. ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ അംഗത്വം നൽകി. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ബി.ജെ.പി മികച്ച മുന്നേറ്റം നടത്തിയതായി ശ്രീ രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി. നിയമസഭ തെരഞ്ഞെടുപ്പിലും ഇത് ആവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

***************************

## ദീപാദാസ് മുൻഷി

നിയമസഭ തിരഞ്ഞെടുപ്പിൽ യുഡിഎഫ് അധികാരത്തിൽ എത്തുമെന്ന് എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി. വ്യക്തമായ ഭൂരിപക്ഷത്തോടുകൂടി യുഡിഎഫ് അധികാരത്തിൽ എത്തുമെന്നും അവർ തൃശൂരിൽ പറഞ്ഞു. ഇടതുപക്ഷത്തോട് എല്ലായ്പ്പോഴും ജനങ്ങൾ അനുകൂല നിലപാടാണ് ഉള്ളതെന്ന് മന്ത്രി പിഎ മുഹമ്മദ് റിയാസ് കോഴിക്കോട് പറഞ്ഞു.

*****************************

## മാധ്യമ ശില്പശാല

പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ മലപ്പുറം നിലമ്പൂരിൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച മാധ്യമ ശില്പശാല പി ഐ ബി അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിചാമി ഉദ്ഘാടനം ചെയ്തു. ഓരോ വാർത്തയുടെയും യാഥാർഥ്യം തിരിച്ചറിഞ്ഞു വേണം അത് ജനങ്ങളിലേക്ക് എത്തിക്കാൻ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മുതിർന്ന മാധ്യമ പ്രവർത്തകരെ ചടങ്ങിൽ ആദരിച്ചു. മാധ്യമ പ്രവർത്തകർക്കായി വിവിധ വിഷയങ്ങളിൽ ക്ലാസുകളും നടക്കും.

RNU TVPM

*****************************

## സൗദി അപകടം

സൗദി അറേബ്യയിലെ മദീനയിൽ ഉണ്ടായ വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന മലപ്പുറം തിരൂർക്കാട് സ്വദേശി ഹാദിയ ഫാത്തിമ മരിച്ചു. മദീനയിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ ഇന്നലെ രാത്രിയോടെയായിരുന്നു അന്ത്യം. ഇതോടെ അപകടത്തിൽ മരണപ്പെട്ടവരുടെ എണ്ണം അഞ്ചായി. ഹാദിയയുടെ പിതാവ്, മാതാവ്, സഹോദരൻ, ബന്ധു എന്നിവർ അപകടസ്ഥലത്തു തന്നെ മരിച്ചിരുന്നു.

****************************

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 629 പോയിന്റ് ഇടിഞ്ഞ് 84,348 ലും നിഫ്റ്റി 217 പോയിന്റ് നഷ്ടത്തിൽ 25,922 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 1,200 രൂപയും ഗ്രാമിന് 12,650 രൂപയുമാണ് ഇന്നത്തെ വില.

************************************************************************************************

RNU TVPM